# GOVERNMENT OF KERALA

## Abstract

Higher Education Department Consideration of Infrastructure development of K.R. Narayanan National Institute of Visual Science and Arts (KRNNIVSA) under KIIFB funding and designating M/s HLL HITES as the Special Purpose Vehicle – Administrative sanction accorded – Orders issued.

---

## HIGHER EDUCATION (L) DEPARTMENT

G.O.(Ms)No.716/2025/HEDN Dated,Thiruvananthapuram, 24-10-2025

---

Read Letter No. 867/A1/KRNNIVSA/2025 dated 17.6.2025 from the Director, K.R. National Institute of Visual Science and Arts, Kottayam.

## ORDER

As per the letter read above, the Director, K.R.Narayanan National Institute of Visual Science and Arts(KRNNIVSA) Kottayam submitted a proposal for the infrastructure development of the Institute amounting to Rs. 26,58,53,104/- (Rupees Twenty six crores, fifty eight lakhs, fiftythree thousand, one hundred and four only) for consideration under the KIIFB funding.

2. Government have examined the matter in detail and are pleased to approve the proposal of the Director, KRNNIVSA for an amount of Rs. 26,58,53,104/- (Rupees Twenty six crores, fifty eight lakhs, fiftythree thousand one hundred and four only) for the basic infrastructure development of the Institute for consideration under KIIFB funding with M/s HLL HITES as the Special Purpose Vehicle (SPV) for the execution of the project.

3. The approved components of the proposal are detailed below:

| Sl.No. | Particulars | Amount (Rs.) |
|---|---|---|
| 1. | Construction of Staff Quarters | 13,47,12,900/- |

| | | |
|---|---|---|
| 2. | Construction of Tarafa in shooting floor | 2,61,90,151/- |
| 3. | Construction of open Amphitheatre & ground | 1,05,00,000/- |
| 4. | Repair and Maintenance of existing structure | 2,00,00,000/- |
| 5. | Making differently- abled friendly campus | 1,00,00,000/- |
| 6. | Implementation of Rain water harvesting | 71,90,000/- |
| 7. | Installation of Solar Power plant & street lights | 67,41,680/- |
| 8. | Construction of the centralised store | 1,00,42,842/- |
| 9. | Construction of Bio-gas plant | 4,40,000/- |
| 10. | Construction of Music Studio | 2,00,35,531/- |
| 11. | Purchase of Land for New Shooting Floor (Studio Floor) | 2,00,00,000/- |
| **Total** | | Rs. 26,58,53,104/- |

(By order of the Governor)
DR SHARMILA MARY JOSEPH
PRINCIPAL SECRETARY

The Chairman, K.R. National Institute of Visual Science and Arts, Kottayam
The Director, K.R. National Institute of Visual Science and Arts,

Kottayam
The Vice President, HLL HITES, HLL Bhavan, Poojappuram, Thiruvananthapuram
The Principal Account General (A&E/Audit), Kerala, Thiruvananthapuram
The Finance Department (vide U.O(N) No. 3233244/EDN-B2/139/2025-FIN dated: 04/10/2025)
The General Administration (SC) Department (vide item No. 3343)
Nodal Officer, Website, Higher Education Department
Information Officer, Web & New media (For vide publicity)
Stock File/ Office Copy

Forwarded /By order

Signed by
Geetha Lekshmi. G
Date: 24-10-2025 11:48:58

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 22-10-2025

ഫയൽ നം. എൽ1/87/2025/ഉ.വി.വ. ഇനം നം: 3343

വിഷയം : ഉന്നതവിദ്യാഭ്യാസ വകുപ്പ് - കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സിന്റെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി പദ്ധതിക്കൊപ്പം പരിഗണിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിനായി എച്ച്.എൽ.എൽ. ഹൈറ്റ്സ്-നെ എസ്.പി.വി. ആയി തിരഞ്ഞെടുക്കുന്നതിനുള്ള അനുമതി നൽകുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം -

(1) - അംഗീകരിച്ചു.

(2) - ഭരണ വകുപ്പിന് തീരുമാനിക്കാവുന്നതാണ്.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.

23/10/25

JS (L)

3343

**കേരള സർക്കാർ**

**( പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എൽ 1/87/2025/ഉ.വി.വ |
| 2 | വകുപ്പ് | : | ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ് |
| 3 | വിഷയം | | കെ ആർ നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് & ആർട്സിന്റെ അടിസ്ഥാന സൗകര്യ വികസനം കിഫ്ബി പദ്ധതിക്കൊപ്പം പരിഗണിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിനായി എച്ച്.എൽ.എൽ ഹൈറ്റ്സ് നെ എസ്.പി.വി ആയി തിരഞ്ഞെടുക്കുന്നതിനുമുള്ള അനുമതി നൽകുന്നതും - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29.07.2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | :<br>: | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കരട് കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | രാജേഷ് എം. |
| 8 | കരട് കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര്. | : | ഡോ. ശർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി. | : | 13.10.2025 |
| 10 | കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 18.10.2025 |
| 12 | കരട് കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ഡോ. ആർ. ബിന്ദു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 21.10.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 21.10.2025 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 22.10.2025 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പരും തീയതിയും | : | G.O(MS) No. 716/2025/HEDN<br>Dated : 24.10.2025 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആൻഡ് ആർട്സിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ KIIFB പദ്ധതികൾക്കൊപ്പം പരിഗണിക്കുന്നതിനും അപ്രകാരം പരിഗണിക്കുന്ന പക്ഷം പദ്ധതി നടത്തിപ്പിനായി M/S HLL HITES എന്ന സ്ഥാപനത്തെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി നിശ്ചയിക്കുന്നതിനും അനുമതി ആവശ്യപ്പെട്ടു കൊണ്ടുള്ളതാണ് ഈ കുറിപ്പ് .

2) 2014 വർഷത്തിൽ പ്രവർത്തനം ആരംഭിച്ച കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആൻഡ് ആർട്സ് എന്ന സ്ഥാപനം ദേശീയ നിലവാരത്തിലുള്ള 4 ഫിലിം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഒന്നാണ്. ഈ ഇൻസ്റ്റിറ്റ്യൂട്ട് വിഷൽ സയൻസ്, ആർട്സ് മേഖലകളിലെ മികവിന്റെ ഒരു മൾട്ടി ഡിസിപ്ലിനറി കേന്ദ്രമായും ഒരു ആഗോള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ ഏയ്സ്തറ്റിക്സ് എന്ന കാഴ്ചപ്പാടോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഓഡിയോ-വിഷൽ പരിശീലന ഗവേഷണ കേന്ദ്രമായുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇക്കാരണത്താൽ തന്നെ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിനെ ദേശീയ നിലവാരത്തിലുള്ള ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് ആയി നിലനിർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്. മതിയായ ഫണ്ടിന്റെ അഭാവത്തിൽ 10 വർഷത്തിലേറെ പഴക്കമുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും 2014-15 കാലഘട്ടത്തിൽ വാങ്ങി ഇപ്പോഴും ഉപയോഗത്തിലുള്ള കാലഹരണപ്പെട്ട അക്കാദമിക ഉപകരണങ്ങളുടെ നവീകരണവും പൂർത്തിയാക്കിയിട്ടില്ല, ഇത് ഇൻസ്റ്റിട്യൂട്ടിൽ നടത്തി വരുന്ന കോഴ്സുകളെ സാരമായി ബാധിക്കുന്ന സാഹചര്യം ഉണ്ട്. ദേശീയ നിലവാരത്തിലുള്ള ഈ സ്ഥാപനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ആവശ്യകത അവലോകനം ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ, സ്ഥാപനത്തിന് നിലവിൽ ലഭ്യമാകുന്ന പ്ലാൻ ഫണ്ട് വിദ്യാർത്ഥികളുടെ പഠന ആവശ്യങ്ങൾക്ക് തന്നെ അപര്യാപ്തമാണ് എന്ന് ഡയറക്ടർ അറിയിച്ചിരുന്നു. ആയതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് ഏകദേശം 23 കോടി രൂപ ആവശ്യമാണെന്ന് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ യോഗത്തെ അറിയിച്ചു. വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് യോഗം ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

3) അപ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിനായി 22,58,17,573/- (ഇരുപത്തിരണ്ടുകോടി അൻപത്തിയെട്ടുലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി എഴുപത്തിമൂന്നു രൂപ മാത്രം)രൂപയുടെ പ്രൊപ്പോസൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ ബഹു. മുഖ്യമന്ത്രിയുടെ അംഗീകാരത്തിന് സമർപ്പിച്ചപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും SPV-യെ നിർദ്ദേശിക്കുന്നതിനും ബഹു. മുഖ്യമന്ത്രി ഉത്തരവായി. തുടർന്ന് M/S HLL HITES നെ SPV ആയി നിശ്ചയിക്കുന്നതിന് ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി നിർദ്ദേശിച്ചു.

4) തുടർന്ന്, ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി 03.6.2025- ന് വിളിച്ചു ചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 26,58,53,104/- (ഇരുപത്തിയാറ് കോടി അമ്പത്തിയെട്ട് ലക്ഷത്തി അൻപത്തിമൂന്ന് ആയിരത്തി നൂറ്റിനാല് രൂപ മാത്രം) രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസലിൽ സംഗീത സ്റ്റുഡിയോയുടെ നിർമ്മാണം, പുതിയ സ്റ്റുഡിയോ ഫ്ലോർ നിർമ്മിക്കുന്നതിനായി ഭൂമി വാങ്ങൽ എന്നീ രണ്ട് പുതിയ ഇനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് (ഇവ 22,58,17,573/- രൂപയുടെ ഒറിജിനൽ പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നില്ല). പുതുക്കിയ പ്രൊപ്പോസലിന്റെ സംക്ഷിപ്തവിവരം ഈ നോട്ടിനോടൊപ്പം ചേർക്കുന്നു.

5) കിഫ്ബി ഫണ്ടിംഗ് ലഭിക്കുന്നതിനായി ഡയറക്ടർ സമർപ്പിച്ച പരിഷ്കരിച്ച പ്രൊപ്പോസൽ പരിഗണിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ കൊടുക്കുന്നു: ;

" The Administrative Department is requested to initiate steps for obtaining Cabinet approval to bring the K.R. Narayanan National Institute of Visual Sciences and Arts (KRNNIVSA), Kottayam, under KIIFB funding, with the recommendation that the project be confined to the critical components identified as Phase I during subsequent review meetings held in this regard, and that the corresponding cost estimates be prepared accordingly.

This has the approval of Hon'ble Minister, Finance ".

6) ബഹു. മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി 03.6.2025- ന് വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, 26,58,53,104/- (ഇരുപത്തിയാറ് കോടി അമ്പത്തിയെട്ട് ലക്ഷത്തി അൻപത്തിമൂന്ന് ആയിരത്തി നൂറ്റിനാല് രൂപ മാത്രം) രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബി ഫണ്ടിംഗിന് പരിഗണിക്കുന്നതിനായി ബഹു.

മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി ബഹു. ഉന്നത വിദ്യാഭ്യാസ സാമൂഹ്യ നീതി വകുപ്പ് മന്ത്രി മുഖേന ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

(i) കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി, ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള 26,58,53,104/- (ഇരുപത്തിയാറ് കോടി അമ്പത്തിയെട്ട് ലക്ഷത്തി അൻപത്തിമൂന്ന് ആയിരത്തി നൂറ്റിനാല് രൂപ മാത്രം) രൂപയുടെ പ്രൊപ്പോസൽ KIIFB ഫണ്ടിംഗിന് പരിഗണിക്കുന്നതിനു അനുമതി നൽകാമോ ?

(ii) അപ്രകാരം പരിഗണിക്കുന്ന പക്ഷം പദ്ധതി നടത്തിപ്പിനായി M/S HLL HITES എന്ന സ്ഥാപനത്തെ SPV ആയി നിശ്ചയിക്കാമോ ?

അനുബന്ധം

# Revised proposal for Infrastructure development of KRNNIVSA

| No. | Components | Cost (Rs) |
|---|---|---|
| 1. | Construction of Staff Quarters | 13,47,12,900 |
| 2. | Construction of Tarafa[1] in shooting floor | 2,61,90,151.92 |
| 3. | Construction of open Amphie theatre & Protest ground | 1,05,00,000 |
| 4. | Repair and Maintenance of existing structure | 2,00,00,000 |
| 5. | Making differently abled friendly campus | 1,00,00,000 |
| 6. | Implementation of Rain water harvesting | 71,90,000 |
| 7. | Installation of Solar Power plant & street lights | 67,41,680 |
| 8. | Construction of the centralised store | 1,00,42,842 |
| 9. | Construction of Bio-gas plant | 4,40,000 |
| 10. | Construction of Music Studio | 2,00,35,531 |
| 11. | Purchase of Land for New Shooting Floor (Studio Floor) | 2,00,00,000 |
| | **Total** | 26,58,53,104.92 |

1 സിനിമാ ഷൂട്ടിംഗ് ഫ്ളോറുകളിൽ വലിയ ലൈറ്റുകൾ തൂക്കുന്നതിനും കെട്ടി നിർത്തുന്നതിനുമായി നിർമ്മിക്കാറുള്ള, എപ്പോൾ വേണമെങ്കിലും ആവശ്യാനുസരണം മാറ്റങ്ങൾ വരുത്താവുന്ന ഒരു നിർമ്മിതിയാണ് തെറാഫ എന്ന് അറിയപ്പെടുന്നത്. ഇത് ലൈറ്റിംഗ് ടെക്നീഷ്യൻമാർക്ക് വിവിധ തലങ്ങളിൽ വിവിധ ഉയരങ്ങളിൽ ലൈറ്റുകൾ ക്രമീകരിക്കുന്നതിന് സഹായിക്കുന്നു.